ഖുർആൻ ബോധനം 974 ✎ എ.വൈ.ആർ

# സൂറ-29 / അൽ അൻകബൂത്ത്

## സൂക്തം: 01-02

സത്യത്തിന്റെ പാതയിൽ പരീക്ഷണങ്ങൾ നേരിടേണ്ടത് അനിവാര്യമാകുന്നുവെന്ന് ഉണർത്തിക്കൊണ്ടാണ് സൂറ ആരംഭിക്കുന്നത്. അതു പണ്ടേ അങ്ങനെയായിരുന്നു. ഇനിയും അങ്ങനെ തന്നെയായിരിക്കും. അല്ലാഹുവിന്റെ സുന്നത്ത് ആണത്. പരീക്ഷണങ്ങളിലൂടെയാണ് മുഅ്മിനും മുനാഫിഖും വേർതിരിക്കപ്പെടുന്നത്. സത്യത്തിനും സന്മാർഗത്തിനും വേണ്ടി മർദന പീഡനങ്ങൾ അനുഭവിക്കുന്നവർ ദുഃഖിക്കേണ്ട. അവരുടെ വേദനകളും യാതനകളും അർഹിക്കുന്നതിലേറെ പ്രതിഫലം ലഭിക്കുന്ന ഒരു നാൾ വരാനിരിക്കുന്നു.



### ആമുഖം

41-ാം സൂക്തത്തിൽ *അൽ അൻകബൂത്ത്* എന്ന പദം വന്നിട്ടുള്ളതുകൊണ്ടാണ് സൂറക്ക് ഈ നാമം വന്നത്. '*അൻകബൂത്ത്*' എട്ടുകാലിയാണ്. ആ ജീവിയെക്കുറിച്ച് വിശദമായ പ്രതിപാദനമൊന്നും സൂറയിൽ ഇല്ല. അൻകബൂത്ത് എന്ന പദം ഉള്ള സൂറ എന്നേ നാമകരണത്തിനർഥമുള്ളൂ. *അൽബഖറ* (പശു) *അൽഅൻകബൂത്ത്* (എട്ടുകാലി) തുടങ്ങിയ സൂറ നാമങ്ങളെ അവിശ്വാസികൾ പരിഹസിക്കാറുണ്ടായിരുന്നു. അതേപ്പറ്റിയാണ് സൂറ *അൽഹിജ്ർ* 95-ാം സൂക്തത്തിൽ إِنَّا كَفَيْنَاكَ الْمُسْتَهْزِئِينَ (ഈ പരിഹാസകരെ നിനക്കുവേണ്ടി നാം നേരിട്ടുകൊള്ളാം) എന്നും *അൽബഖറ* 26-ാം സൂക്തത്തിൽ إِنَّ اللَّهَ لَا يَسْتَحْيِي أَن يَضْرِبَ مَثَلًا مَّا بَعُوضَةً فَمَا فَوْقَهَا (കൊതുകിനെയോ അതിനു മീതെയുള്ളതിനെയോ ഉദാഹരിക്കാൻ അല്ലാഹു ലജ്ജിക്കുന്നില്ല) എന്നും പ്രസ്താവിച്ചിട്ടുള്ളതെന്ന് ഇക്‌രിമ നിവേദനം ചെയ്തിരിക്കുന്നു.

സൂറയുടെ അവതരണ കാലത്തെക്കുറിച്ച് മുഫസ്സിറുകൾക്കിടയിൽ അഭിപ്രായ ഭിന്നതയുണ്ട്. *അൻകബൂത്ത്* മുഴുവൻ മക്കയിൽ അവതരിച്ചതാണെന്ന് ഭൂരിപക്ഷം പണ്ഡിതന്മാർ പറയുന്നു. ചിലരുടെ വീക്ഷണത്തിൽ ഇതിന്റെ അവതരണം പ്രവാചകന്റെ മദീനാ ജീവിതത്തിലാണ്. ഇതിൽ മുനാഫിഖുകളെ (കപടവിശ്വാസികൾ)യും ജിഹാദിനെയും പരാമർശിക്കുന്നുവെന്നതാണ് അവരുടെ ന്യായം. മുനാഫിഖുകൾ രംഗപ്രവേശം ചെയ്തത് മദീനയിലാണല്ലോ. ജിഹാദ് നിർബന്ധമാക്കപ്പെട്ടതും മദീനയിൽ തന്നെ. സൂറയുടെ ആദ്യത്തെ പതിനൊന്നു സൂക്തങ്ങൾ മദീനയിലും ബാക്കി മക്കയിലും അവതരിച്ചു എന്നാണ് ഇവരുടെ നിലപാട്. ഈ സൂക്തങ്ങളിലാണ് മുനാഫിഖുകളെയും ജിഹാദിനെയും പരാമർശിക്കുന്നത്. ഭൂരിപക്ഷം പണ്ഡിതന്മാർ ഈ ന്യായങ്ങളെ ഇപ്രകാരം ഖണ്ഡിച്ചിരിക്കുന്നു: ഇസ്‌ലാമിക സമൂഹത്തെ ഉള്ളിൽനിന്ന് തുരങ്കം വെക്കുന്ന പ്രതിലോമ ശക്തിയായി കപടവിശ്വാസികൾ പ്രവർത്തിക്കാൻ തുടങ്ങിയത് മദീനയിലാണെങ്കിലും ഇസ്‌ലാമിനോട് കാപട്യം പുലർത്തിയ വ്യക്തികൾ മക്കയിലും ഉണ്ടായിരുന്നു. അവർ പൊതുവിൽ പ്രവാചകനോടും ഇസ്‌ലാമിനോടും അനുഭാവമുള്ളവരായിരുന്നു. പക്ഷേ, ഇസ്‌ലാമിനുവേണ്ടി അവിശ്വാസികളോടേറ്റുമുട്ടാനോ അവരുടെ നീരസത്തിനു പാത്രമാവാനോ അവർ തയാറായിരുന്നില്ല. അവിശ്വാസികളിൽനിന്ന് ദ്രോഹം ഭയപ്പെടുകയോ ആനുകൂല്യം ആഗ്രഹിക്കുകയോ ചെയ്യുമ്പോൾ ബഹുദൈവാരാധനയോട് സമരസപ്പെടാൻ അവർ സന്നദ്ധരായി. ഇത്തരക്കാരാണ് ഈ സൂറ പരാമർശിക്കുന്ന മുനാഫിഖുകൾ. പിന്നെ ജിഹാദ് മദീനയിലാണ് നിർബന്ധമാക്കപ്പെട്ടത് എന്ന വാദവും ശരിയല്ല. സായുധ സമരമാണ് മദീനയിൽ കൽപിക്കപ്പെട്ട قتال. പ്രതികൂല ശക്തികളോട് മല്ലടിച്ചുകൊണ്ട് സ്വന്തം ആദർശത്തിൽ സ്ഥൈര്യത്തോടെ നിലകൊള്ളലും ആ മാർഗത്തിൽ സധൈര്യം മുന്നോട്ടു പോകലുമാണ് ജിഹാദ്. യുദ്ധം എന്നല്ല ത്യാഗപരിശ്രമം, സമരം, കഠിനാധ്വാനം എന്നൊക്കെയാണ് ജിഹാദിന്റെ അർഥം. സായുധ സമരം അനിവാര്യമാകുന്ന ഘട്ടങ്ങളിൽ അതും ജിഹാദിന്റെ ഭാഗമാകുന്നു. പ്രവാചകന്റെ മദീനാ ജീവിതകാലത്ത് അനേകം സായുധ നടപടികളിലേർപ്പെടേണ്ടി വന്നപ്പോൾ ആ നടപടികളും ജിഹാദ് എന്ന് വ്യവഹരിക്കപ്പെടുകയുണ്ടായി. ക്രമേണ ജിഹാദ് ഖിതാലിന്റെ (യുദ്ധം) പര്യായമായി ഗണിക്കപ്പെട്ടു. എന്നാൽ ഇസ്‌ലാമിനു മുമ്പുള്ള ഭാഷാ പ്രയോഗങ്ങളിൽ യുദ്ധം എന്ന അർഥത്തിൽ ജിഹാദ് ഉപയോഗിച്ചതായി കാണുകയില്ല. വാസ്തവത്തിൽ ഇസ്‌ലാമിന്റെ തുടക്കം മുതലേ ജിഹാദ് അതിന്റെ അനിവാര്യ ഘടകമായി ഉണ്ടായിരുന്നു. പ്രതിലോമ ശക്തികളോട് നിരന്തരം സമരം ചെയ്തുകൊണ്ടും അക്ഷീണമായി കഠിനാധ്വാനം ചെയ്തുകൊണ്ടുമാണ് ഇസ്‌ലാം നിലനിർത്തപ്പെട്ടതും വളർത്തപ്പെട്ടതും. ആ സമരവും പരിശ്രമവുമാണ് ഈ സൂറ പരാമർശിക്കുന്ന ജിഹാദ്.

പ്രവാചകന്റെ മദീനാ പ്രവാസത്തിന്റെ അല്ലെങ്കിൽ അതി

നുമുമ്പ് നടന്ന, ശിഷ്യന്മാരുടെ അബ്സീനിയൻ ഹിജ്റയുടെ തൊട്ടുമുമ്പായിരിക്കണം ഈ സൂറയുടെ അവതരണമെന്ന് ഉള്ളടക്കം പരിശോധിച്ചാൽ മനസ്സിലാക്കാം. അബ്സീനിയൻ ഹിജ്റയുടെ തൊട്ടുമുമ്പ് എന്ന അഭിപ്രായമാണ് മൗലാനാ മൗദൂദിയെപ്പോലുള്ള പണ്ഡിതന്മാർ സ്വീകരിച്ചിട്ടുള്ളത്. ഏതായാലും മുസ്‌ലിംകൾക്കെതിരെ ഖുറൈശികളുടെ മർദന പീഡനങ്ങൾ കൊടുമ്പിരികൊണ്ട കാലമായിരുന്നു അത് രണ്ടും. ഈ സാഹചര്യം ഇസ്‌ലാം സത്യമാണെന്നു ബോധ്യമുണ്ടായിട്ടും ദുർബല വിശ്വാസികളെയും അവസരവാദികളെയും അതിൽനിന്ന് അകലം പാലിക്കാൻ പ്രേരിപ്പിച്ചു. തങ്ങൾ നേരിടുന്ന പീഡിതാവസ്ഥയിൽ അക്ഷമരായ ചിലർ ദൃഢവിശ്വാസികളിലും ഉണ്ടായിരുന്നു. അവർ പ്രവാചകനോട് അതിനെപ്പറ്റി ആവലാതിപ്പെടുകയും ചെയ്തിരുന്നു. ഈ പരിതഃസ്ഥിതിയിൽ ആദർശ പ്രതിബദ്ധതയുള്ളവരിലുണ്ടായിരിക്കേണ്ട നിശ്ചയദാർഢ്യം, സ്ഥൈര്യം, ത്യാഗസന്നദ്ധത, പരീക്ഷണങ്ങളും പ്രതിസന്ധികളും ക്ഷമയോടെ നേരിടാനുള്ള കരുത്ത് തുടങ്ങിയ കാര്യങ്ങൾ പഠിപ്പിക്കുകയാണ് ഈ സൂറയുടെ മുഖ്യ ഉള്ളടക്കം. സത്യത്തിന്റെ പാതയിൽ പരീക്ഷണങ്ങൾ നേരിടേണ്ടത് അനിവാര്യമാകുന്നുവെന്ന് ഉണർത്തിക്കൊണ്ടാണ് സൂറ ആരംഭിക്കുന്നത്. അതു പണ്ടേ അങ്ങനെയായിരുന്നു. ഇനിയും അങ്ങനെ തന്നെയായിരിക്കും. അല്ലാഹുവിന്റെ സുന്നത്ത് ആണത്. പരീക്ഷണങ്ങളിലൂടെയാണ് മുഅ്മിനും മുനാഫിഖും വേർതിരിക്കപ്പെടുന്നത്. സത്യത്തിനും സന്മാർഗത്തിനും വേണ്ടി മർദന പീഡനങ്ങൾ അനുഭവിക്കുന്നവർ ദുഃഖിക്കേണ്ട. അവരുടെ വേദനകളും യാതനകളും അർഹിക്കുന്നതിലേറെ പ്രതിഫലം ലഭിക്കുന്ന ഒരു നാൾ വരാനിരിക്കുന്നു. തങ്ങൾ അല്ലാഹുവിനെ തോൽപിച്ചുകളഞ്ഞു എന്ന് അവരെ പീഡിപ്പിക്കുന്ന ധിക്കാരികളും നിഗളിക്കേണ്ട. തങ്ങളുടെ ദുഷ്ചെയ്തികളെച്ചൊല്ലി നെടുംഖേദത്തിലകപ്പെടുന്ന ഒരു നാൾ അവരിലും വരാനിരിക്കുന്നു.

ഓരോ വ്യക്തിയും മാതാപിതാക്കളെ ആദരിക്കുകയും പരിചരിക്കുകയും വേണം. പക്ഷേ, അതിന്റെ പേരിൽ അവർ ആവശ്യപ്പെടുന്ന അധർമങ്ങളാചരിക്കുകയോ അന്ധവിശ്വാസങ്ങൾ സ്വീകരിക്കുകയോ ചെയ്തുകൂടാ. അവരവരുടെ കർമങ്ങൾക്ക് ഉത്തരവാദികൾ അവർ തന്നെയാണ്. ആരും ദൈവസന്നിധിയിൽ അന്യരുടെ കർമത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കുകയില്ല. മാതാപിതാക്കളുടെ ഇഷ്ടം മാനിച്ചാണ് താൻ അന്ധവിശ്വാസങ്ങൾ കൈക്കൊണ്ടതും അനാചാരങ്ങളിലേർപ്പെട്ടതും എന്ന് വാദിച്ച് ആർക്കും രക്ഷപ്പെടാനാവില്ല.

തുടർന്ന് സത്യപ്രബോധനത്തിന്റെ പേരിൽ കൊടിയ പരീക്ഷണങ്ങൾക്ക് ഇരകളായിത്തീർന്ന നൂഹ്, ഇബ്റാഹീം, ലൂത്വ് തുടങ്ങിയ പ്രവാചകവര്യന്മാരുടെ ചരിത്രത്തിലേക്കും സത്യപ്രബോധകന്മാരെ ദ്രോഹിക്കുകയും അധർമങ്ങളിലും അക്രമങ്ങളിലും വിഹരിക്കുകയും ചെയ്ത ആദ്, സമൂദ്, ഫറവോൻ, ഖാറൂൻ, ഹാമാൻ തുടങ്ങിയവരുടെ ദുരന്തങ്ങളിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. ദൈവത്തിനും ധർമത്തിനുമെതിരെ അവിശ്വാസികൾ ഉയർത്തിക്കൊണ്ടുവന്ന ബഹുദൈവങ്ങളും തത്ത്വശാസ്ത്രങ്ങളും ന്യായവാദങ്ങളും തന്ത്രങ്ങളുമെല്ലാം എട്ടുകാലി വലപോലെ ദുർബലമാകുന്നു. സത്യം ഒന്നു തൊട്ടാൽമതി അത് കീറിപ്പറിഞ്ഞ് ഛിന്നഭിന്നമാകാൻ. പ്രതിയോഗികളെയും പ്രതിലോമശക്തികളെയും അവഗണിച്ചുകൊണ്ട് ദൈവിക വചനങ്ങൾ ജനത്തെ കേൾപ്പിക്കുകയും നമസ്കാരം സ്ഥാപിക്കുകയുമാണ് സത്യപ്രബോധകന്റെ ചുമതല. നമസ്കാരം അവരെ പൈശാചിക ദുഷ്ടതകളിൽനിന്ന് സംരക്ഷിക്കുന്നതാണ്. അതുതന്നെയാണ് അവരുടെ ആയുധപ്പുര.

അനന്തരം മുഹമ്മദീയ പ്രവാചകത്വത്തെക്കുറിച്ച് വേദക്കാർ ഉന്നയിക്കുന്ന വിമർശനങ്ങൾക്ക് വിശദീകരണം നൽകുകയും അവരെ സൗഹാർദപരമായ സംവാദത്തിലൂടെ കാര്യങ്ങൾ ബോധ്യപ്പെടുത്താനും നല്ല ബന്ധം സ്ഥാപിക്കാനും ഉപദേശിക്കുകയും ചെയ്യുന്നു. ദൈവിക ശിക്ഷയിറങ്ങാൻ ധൃതിപ്പെടുന്നവരോട് അക്കാര്യത്തിലുള്ള അല്ലാഹുവിന്റെ നടപടിക്രമം വിശദീകരിക്കുന്നു. സത്യനിഷേധികളുടെ മർദനം സഹിക്കാൻ ത്രാണിയില്ലാത്തവരോട് ആദർശോചിത ജീവിതം സാധ്യമാകുന്ന പരദേശങ്ങളിലേക്ക് പലായനം ചെയ്യാൻ ഉപദേശിക്കുന്നു. അവിടെ ഭൗതികവും ആത്മീയവുമായ സൗഭാഗ്യം അവരെ കാത്തിരിക്കുന്നതായി സുവിശേഷമറിയിക്കുന്നു.

ബഹുദൈവ വിശ്വാസികൾ സമ്മതിക്കുന്ന ചില സത്യങ്ങൾ ഏകദൈവ വിശ്വാസത്തെ സാധൂകരിക്കുന്ന ന്യായങ്ങളായി ചൂണ്ടിക്കാണിച്ചുകൊണ്ടാണ് സമാപിക്കുന്നത്. അവർ വസിക്കുന്ന ദേശം പവിത്രവും സുരക്ഷിതവുമാക്കിയത് ഏകനായ അല്ലാഹുവാണ്. മറ്റൊരു ദൈവത്തിനും അതിൽ പങ്കില്ല. പക്ഷേ, ആ ദേശത്ത് അവനെ വെടിഞ്ഞ് അവർ കൊത്തിപ്പണിത നിരവധി കൃത്രിമ ദൈവങ്ങളെ ആരാധിച്ചുകൊണ്ട് സാക്ഷാൽ ദൈവത്തെ നിന്ദിക്കുകയാണ് അവർ ചെയ്യുന്നത്. ഈ ദൈവനിന്ദയുടെ ഫലം അവർ അനുഭവിക്കുക തന്നെ ചെയ്യും. ഈ ഘനാന്ധകാരത്തിൽ സത്യത്തിന്റെ വെളിച്ചം പരത്താൻ പ്രവാചകനും സഖാക്കളും ചെലവഴിക്കുന്ന അധ്വാന പരിശ്രമങ്ങൾ സഫലമാകുമെന്നതിലും ഒരു സന്ദേഹവും വേണ്ട.

സൂറ *അൽ ഖസ്വസ്വും അൽ അൻകബൂത്തും* തമ്മിലുള്ള ബന്ധം ഈ മുഖവുരയിൽനിന്നുതന്നെ ഏറക്കുറെ വ്യക്തമാണ്. തൗഹീദിൽ വിട്ടുവീഴ്ച ചെയ്ത് വിഗ്രഹാരാധകരുമായി സമവായത്തിലെത്തണമെന്ന അവിശ്വാസികളുടെ സമ്മർദത്തിനു വഴങ്ങിപ്പോകരുതെന്ന് താക്കീതു ചെയ്തുകൊണ്ടാണല്ലോ *അൽ ഖസ്വസ്വ്* സമാപിച്ചത്. അവിശ്വാസികളുടെ സമ്മർദത്തിന്റെ പല രൂപങ്ങളിലൊന്നായിരുന്നു വിശ്വാസികൾക്കെതിരെയുള്ള മർദനപീഡനങ്ങൾ. അത് സ്വാഭാവികമാണെന്നും ആ പരീക്ഷണത്തെയും സ്ഥൈര്യത്തോടെ നേരിട്ട് മുന്നോട്ടു പോകുമ്പോഴേ വിശ്വാസി യഥാർഥ വിശ്വാസിയാകുന്നുള്ളൂ എന്നും ഉണർത്തിക്കൊണ്ടാണ് ഈ സൂറ ആരംഭിക്കുന്നത്.

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

**പരമദയാലുവും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ**

الٓمٓ ﴿١﴾

1. അലിഫ്-ലാം-മീം

أَحَسِبَ النَّاسُ أَن يُتْرَكُوا أَن يَقُولُوا آمَنَّا وَهُمْ لَا يُفْتَنُونَ ﴿٢﴾

2. ആളുകൾ വിചാരിച്ചുവോ, 'ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു' എന്നു പറയുന്നതുകൊണ്ടുമാത്രം വിട്ടയക്കപ്പെടുമെന്ന്; അവർ പരീക്ഷിക്കപ്പെടാതെ?

**1,2**

أَحَسِبَ النَّاسُ = ആളുകൾ വിചാരിച്ചുവോ أَن يُتْرَكُوا = അവർ ഉപേക്ഷിക്കപ്പെടുമെന്ന് (വിട്ടയക്കപ്പെടുമെന്ന്)

أَن يَقُولُوا = അവർ പറയുന്നത് (കൊണ്ടുമാത്രം) آمَنَّا = ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു (എന്ന്)

وَهُمْ لَا يُفْتَنُونَ = അവർ പരീക്ഷിക്കപ്പെടാ(തെ)ത്ത അവസ്ഥയിൽ

സൂറകളുടെ തുടക്കത്തിൽ വരുന്ന ഒറ്റയക്ഷരങ്ങളെക്കുറിച്ച് *ഖുർആൻ ബോധനം* ഇതുപോലുള്ള ഒറ്റയക്ഷരങ്ങൾകൊണ്ട് തുടങ്ങിയ സൂക്തങ്ങളുടെ വിശദീകരണത്തിൽ ചർച്ച ചെയ്തിട്ടുണ്ട്. അതിൽ കൂടുതലൊന്നും ഇവിടെ പറയാനില്ല. حَسِبَ - يَحْسِب എന്ന ഭൂത (ماضي) ക്രിയാ പദത്തിന്റെ മധ്യാക്ഷരം ഇകാരത്തിലും ഭാവി (مستقبل) ക്രിയാപദത്തിന്റെ മധ്യാക്ഷരം അകാരത്തിലും വരുമ്പോൾ നിരൂപിക്കുക, കരുതുക, ഭാവിക്കുക എന്നും മധ്യാക്ഷര കാരകങ്ങൾ നേരെ മറിച്ചായി വരുമ്പോൾ എണ്ണുക, കണക്കാക്കുക, പരിശോധിക്കുക എന്നുമാകുന്നു അർഥം. വർജനവും ഉപേക്ഷിക്കലുമാണ് ترك. ഉപാധികളിൽനിന്നും ഉത്തരവാദിത്തങ്ങളിൽനിന്നും വിചാരണയിൽനിന്നും ഒഴിവാക്കപ്പെടുകയാണ് ഇവിടെ أَن يُتْرَكُوا എന്നതിന്റെ താൽപര്യം. فتنة -യുടെ അർഥം *ഖുർആൻ ബോധനം* നേരത്തേ പലയിടത്തും വ്യക്തമാക്കിയിട്ടുള്ളതാണ്. അവർ പരീക്ഷിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യാതെ എന്നാണ് ഇവിടെ وَهُمْ لَا يُفْتَنُونَ -ന്റെ താൽപര്യം.

വചന സാരമിതാണ്: ഞങ്ങൾ സത്യവിശ്വാസികളാണ് എന്ന് അവകാശപ്പെടുന്നതോടെ ചെയ്യേണ്ടതെല്ലാം ചെയ്തുകഴിഞ്ഞുവെന്നും ഈ അവകാശവാദത്തിനപ്പുറം നിർവഹിക്കപ്പെടേണ്ട ഉത്തരവാദിത്തങ്ങളും ഉപാധികളും ഒന്നുമില്ലെന്നും ഇനി സുരക്ഷിതരായി സ്വർഗത്തിലേക്ക് കയറിച്ചെല്ലാമെന്നും ആളുകൾ കരുതുന്നുവോ? എങ്കിൽ ആ വിചാരം മഹാ അബദ്ധമാകുന്നു. ഉന്നയിക്കപ്പെടുന്ന അവകാശവാദങ്ങളിലെ കതിരും പതിരും വേർതിരിക്കുന്ന നിശിതമായ പരീക്ഷണങ്ങൾക്ക് വിധേയരാകാതെ ആരും രക്ഷപ്പെടാൻ പോകുന്നില്ല. സ്രഷ്ടാവ് മനുഷ്യന് ജന്മം നൽകിയിരിക്കുന്നതുതന്നെ അവന്റെ ജീവിതം പരീക്ഷിക്കുന്നതിനു വേണ്ടിയാകുന്നു. إِنَّا خَلَقْنَا الْإِنسَانَ مِن نُّطْفَةٍ أَمْشَاجٍ نَّبْتَلِيهِ (മനുഷ്യനെ നാം മിശ്രിതമായ രേതസ്കണത്തിൽനിന്ന് സൃഷ്ടിച്ചിരിക്കുന്നു; അവനെ പരീക്ഷിക്കുന്നതിന് -76:2)

الَّذِي خَلَقَ الْمَوْتَ وَالْحَيَاةَ لِيَبْلُوَكُمْ أَيُّكُمْ أَحْسَنُ عَمَلًا (നിങ്ങളിൽ നന്നായി പ്രവർത്തിക്കുന്നതാരെന്ന് പരീക്ഷിക്കാൻ ജനിമൃതികളെ സൃഷ്ടിച്ചതവനാകുന്നു -67:2). പരീക്ഷണം സുഖസൗഭാഗ്യങ്ങൾ കൊണ്ടാവാം. ദുഃഖങ്ങൾ കൊണ്ടും യാതനകൾ കൊണ്ടുമാകാം. മനുഷ്യരെ ഒരേ തരക്കാരാക്കാതെ വ്യത്യസ്ത കഴിവുകളും യോഗ്യതകളുമുള്ളവരാക്കിയതും ഓരോരുത്തർക്കും ലഭിച്ചതിൽ അവരെ പരീക്ഷിക്കുന്നതിനു വേണ്ടിയാണ് لِّيَبْلُوَكُمْ فِي مَا آتَاكُمْ (5:48).

وَلَنَبْلُوَنَّكُم بِشَيْءٍ مِّنَ الْخَوْفِ وَالْجُوعِ وَنَقْصٍ مِّنَ الْأَمْوَالِ وَالْأَنفُسِ وَالثَّمَرَاتِ 'ഭയം, വിശപ്പ്, ധനനഷ്ടം, ജീവനാശം, വിളനാശം തുടങ്ങിയവകൊണ്ട് നാം നിങ്ങളെ പരീക്ഷിച്ചുകൊണ്ടിരിക്കുക തന്നെ ചെയ്യും (2:155). സത്യവിശ്വാസം-ഈമാൻ കൈക്കൊള്ളുന്നവർ ഈ പരീക്ഷണങ്ങളിൽനിന്ന് ഒഴിവാക്കപ്പെടുകയല്ല; കൂടുതൽ പരീക്ഷിക്കപ്പെടുന്നവരാവുകയാണ് ചെയ്യുക. കാരണം ഞാൻ മുഅ്മിനാകുന്നു എന്നു പറയുന്നത് ഞാൻ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുന്നു എന്ന ഒരു പ്രസ്താവന മാത്രമല്ല. പ്രത്യുത ഞാൻ അല്ലാഹുവിന്റെ മാത്രം അടിമയാണെന്നും അവന്റെ വിധിവിലക്കുകളനുസരിച്ച് അവന്റെ പ്രീതിക്കൊത്ത് ജീവിക്കാമെന്നുമുള്ള പ്രതിജ്ഞ കൂടിയാകുന്നു. ഈ അർഥത്തിലുള്ള ഈമാനാണ് മനുഷ്യന്റെ ഇഹ-പര ജീവിതം സഫലവും സാർഥകവുമാക്കുന്നത്. ഈ അർഥമില്ലാത്ത ഈമാൻവാദം നിഷ്ഫലമാകുന്നു. ഈമാൻ ആവശ്യപ്പെടുന്ന ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുകയോ നിർവഹിക്കുകയോ ചെയ്യാതെ അധരമാത്ര ഈമാൻ വാദം കൊണ്ട് സ്വർഗം നേടിക്കളയാമെന്നത് കേവലം വ്യാമോഹമാണ്. أَمْ حَسِبْتُمْ أَن تَدْخُلُوا الْجَنَّةَ وَلَمَّا يَعْلَمِ اللَّهُ الَّذِينَ جَاهَدُوا مِنكُمْ وَيَعْلَمَ الصَّابِرِينَ (ധർമസംസ്ഥാപനാർഥം സമരം ചെയ്യുന്നവരാരെന്നും പ്രതിസന്ധിഘട്ടങ്ങളിൽ ധർമമാർഗത്തിൽ സ്ഥൈര്യത്തോടെ നിലകൊള്ളുന്നവരാരെന്നും അല്ലാഹു കണ്ടു കഴിഞ്ഞിട്ടില്ലെന്നിരിക്കെ, നിങ്ങൾ അനായാസം സ്വർഗം പൂകാമെന്നു വിചാരിക്കുന്നുവോ? - 3:142). ഒരാൾ ഞാൻ മുഅ്മിൻ ആണ് എന്ന് പ്രസ്താവിക്കുന്നതുതന്നെ തനിക്കെതിരെ പ്രത്യക്ഷവും പരോക്ഷവുമായ പൈശാചിക ശക്തികളെ ക്ഷണിക്കുന്നതിനു തുല്യമാണ്. ജഡികാസക്തികളും അധാർമിക പ്രവണതകളും അഭിനിവേശങ്ങളുമാണ് പരോക്ഷമായ പൈശാചിക ശക്തികൾ. അവയോട് നന്നായി സമരം ചെയ്തുകൊണ്ടേ അയാൾക്ക് വിശ്വാസത്തിൽ ഉറച്ചുനിൽക്കാനാകൂ. സത്യവിശ്വാസം കൈക്കൊള്ളുന്നവരെ അന്ധവിശ്വാസങ്ങളിലേക്കും അനാചാരങ്ങളിലേക്കും തിരിച്ചുകൊണ്ടുവരാൻ ശകാരവും പരിഹാസവും അക്രമ മർദനങ്ങളും അവലംബിക്കുന്ന സത്യനിഷേധികളാണ് പ്രത്യക്ഷമായ പൈശാചിക ശക്തികൾ. ഈ രണ്ടു ശക്തികളെയും വിശ്വാസി നേരിടേണ്ട പരീക്ഷണങ്ങളായി കണ്ട് സ്വന്തം വിശ്വാസത്തിന്റെ താൽപര്യങ്ങൾ സ്ഥൈര്യത്തോടെ, സഹനത്തോടെ പൂർത്തീകരിച്ചു മുന്നോട്ടു പോകുന്നവർക്കു മാത്രമേ സ്വർഗത്തിലെത്താനാകൂ.

വിശ്വാസികളെന്ന് അവകാശപ്പെടുന്ന എല്ലാ മനുഷ്യരെയും പൊതുവായി അഭിസംബോധന ചെയ്യുന്ന ഈ സൂക്തം സങ്കീർണമായ പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന വിശ്വാസികളെ പ്രത്യേകം ലക്ഷ്യമാക്കുന്നുവെന്ന് ഇതിന്റെ

അവതരണ പശ്ചാത്തലം പരിശോധിച്ചാൽ മനസ്സിലാക്കാം. മുഖവുരയിൽ സൂചിപ്പിച്ചതുപോലെ മക്കയിൽ മുസ്‌ലിംകൾ ഖുറൈശികളുടെ കൊടിയ പീഡനങ്ങൾക്ക് വിധേയരായിക്കൊണ്ടിരുന്ന കാലത്താണ് ഈ സൂറ അവതരിക്കുന്നത്. സാമ്പത്തിക ശേഷിയും ബന്ധുബലവും കുറഞ്ഞ വിശ്വാസികളാണ് ഏറെ മർദിക്കപ്പെട്ടിരുന്നത്. യാസിർ, അദ്ദേഹത്തിന്റെ മകൻ അമ്മാർ, മാതാവ് സുമയ്യ, അയ്യാശു ബ്നു അബീറബീഅ, ബിലാൽ, വലീദു ബ്നു വലീദ്, സലമതുബ്നു ഹിശാം തുടങ്ങിയവർ അനുഭവിച്ച തുല്യതയില്ലാത്ത യാതനകൾ ലോകം ഇന്നും അനുസ്മരിച്ചുകൊണ്ടിരിക്കുന്നു. തങ്ങളുടെ മർദിതാവസ്ഥ വിശ്വാസികളെ വല്ലാതെ വ്യഥിതരാക്കി. തങ്ങൾ അല്ലാഹു അനുശാസിച്ച സത്യദീൻ കൈക്കൊണ്ടവർ, അല്ലാഹുവിന്റെ ദൂതന്റെ നേതൃത്വത്തിൽ ചരിക്കുന്നവർ. എന്നിട്ടും എന്തുകൊണ്ട് മർദിതരും നിന്ദിതരുമായി ജീവിക്കേണ്ടി വരുന്നു? അല്ലാഹു അവന്റെ ദാസന്മാരെ സഹായിക്കേണ്ടതല്ലേ? തങ്ങളുടെ ദീനതകൾ കണ്ടറിയുന്ന ദൈവദൂതൻ ഈ ദുരവസ്ഥ നീങ്ങാൻ പ്രാർഥിക്കേണ്ടതല്ലേ? ഖബ്ബാബു ബ്നു അറത്ത് പ്രസ്താവിച്ചതായി ബുഖാരി ഉദ്ധരിക്കുന്നു: ഒരിക്കൽ കഅ്ബയുടെ തണലിൽ വിശ്രമിക്കുകയായിരുന്ന പ്രവാചകനോട് ഞങ്ങൾ ആവലാതിപ്പെട്ടു: 'അങ്ങ് ഞങ്ങൾക്ക് ദൈവസഹായം തേടുന്നില്ലേ? ഞങ്ങൾക്കുവേണ്ടി പ്രാർഥിക്കുന്നില്ലേ?' പ്രവാചകൻ പറഞ്ഞു: 'നിങ്ങൾക്കു മുമ്പുണ്ടായിരുന്ന സത്യവിശ്വാസികളിൽനിന്ന് ഒരാളെ പിടികൂടി, കുഴികുത്തി അതിലിറക്കിനിർത്തി ഈർച്ചവാളുകൊണ്ട് ശിരസ്സിലൂടെ ഈർന്ന് രണ്ടായി പിളർക്കുമായിരുന്നു. ഇരുമ്പുചീർപ്പു കൊണ്ട് എല്ലും മാംസവും മാന്തിയെടുക്കും. അതൊന്നും അയാളെ ദൈവിക ദീനിൽനിന്ന് വ്യതിചലിപ്പിച്ചിരുന്നില്ല. അല്ലാഹുവാണ, ഈ പ്രസ്ഥാനം വിജയിക്കുക തന്നെ ചെയ്യും. അങ്ങനെ ഒരു സഞ്ചാരിക്ക് സ്വൻആ മുതൽ ഹദർ മൗത്ത്‌വരെ സുരക്ഷിതനായി സഞ്ചരിക്കാൻ കഴിയുന്ന ഒരു നാൾ വരും. അല്ലാഹുവിനെയും തന്റെ കാലികളെ അക്രമിക്കുന്ന ചെന്നായയെയുമല്ലാതെ അയാൾ ആരെയും ഭയപ്പെടേണ്ടിവരില്ല. പക്ഷേ, നിങ്ങൾ അക്ഷമരായി ധൃതികൂട്ടുകയാണ്.'

സത്യവിശ്വാസവും അതിന്റെ പ്രചാരണവും ലക്ഷ്യം കൈവരിക്കുന്നതുവരെ സമരത്തിന്റെയും പ്രതിരോധത്തിന്റെയും ക്ലേശകരമായ ത്യാഗപരിശ്രമങ്ങളുടെയും പീഡാനുഭവങ്ങളുടെയും വേദിയാണ്. ഈമാനിന്റെ ഉത്തരവാദിത്തം എത്രത്തോളം ഗൗരവത്തോടെ ഏറ്റെടുക്കുന്നുവോ അത്രത്തോളം വിശ്വാസിയുടെ പ്രതിസന്ധികൾ വലുതാകുന്നു. അയാളുടെ പദവി ഉയരുകയും ചെയ്യുന്നു. ഈ ഉത്തരവാദിത്തങ്ങൾ അവഗണിക്കപ്പെടുമ്പോൾ ഈമാൻ നിർജീവമാകുന്നു. അത്തരം വിശ്വാസി മുഅ്മിൻ എന്ന ഉന്നത പദവിയിൽ നിന്ന് കപട(منافق)ന്റെ പാതാളക്കുഴിയിലേക്ക് പതിക്കുന്നു. إِنَّ الْمُنَافِقِينَ فِي الدَّرْكِ الْأَسْفَلِ مِنَ النَّارِ- തീർച്ചയായും കപട വിശ്വാസികൾ നരകത്തിന്റെ അടിത്തട്ടിൽ പതിക്കുന്നു (4:145).

ഈമാൻ ചുമത്തുന്ന ഉത്തരവാദിത്തങ്ങളുടെയും നിയമ-നിബന്ധനകളുടെയും (تكليف) പൂർത്തീകരണമാണ് മനുഷ്യ മഹത്വത്തിന്റെയും ഔന്നത്യത്തിന്റെയും ഉറവിടം. ഉറച്ച സ്വത്വത്തിന്റെയും വ്യക്തിത്വത്തിന്റെയും ലക്ഷണവും അതുതന്നെ. നിയമബാധ്യത - تكليف യിലൂടെയും അതിന്റെ നിർവഹണത്തിലൂടെയുമാണ് ജീവിതത്തിന്റെ ആസ്വാദനവും. ഉന്നതമായ ഒരു ലക്ഷ്യത്തിനുവേണ്ടി പ്രയത്നിച്ചുകൊണ്ടിരിക്കുമ്പോഴാണ് ജീവിതം രസകരവും ആനന്ദകരവുമാകുന്നത്. അങ്ങനെ ഒരു ലക്ഷ്യവും അതിനുവേണ്ടിയുള്ള പ്രവർത്തനവും ഇല്ലാതാകുമ്പോൾ ജീവിതം നിരർഥകവും അസ്വസ്ഥവും മടുപ്പിക്കുന്നതുമാകുന്നു. അതിനാൽ മനുഷ്യനെ ഉത്തരവാദിത്ത ബദ്ധനാക്കിയ അല്ലാഹുവിനു സ്തുതി. സക്രിയരെയും നിഷ്ക്രിയരെയും തമ്മിലും ഉറച്ച ഉത്തരവാദിത്ത ബോധമുള്ളവരെയും സ്രഷ്ടാവിനോട് പ്രതിബദ്ധതയില്ലാതെ നിരുത്തരവാദിയായി അലയുന്നവരെയും തമ്മിലും വേർതിരിക്കാൻ പരിശോധനയും പരീക്ഷണവും ഏർപ്പെടുത്തിയവന് ശുക്ർ.

സൂറയുടെ ആദ്യ സൂക്തങ്ങൾ മദീനയിൽ അവതരിച്ചതാണെന്ന് അഭിപ്രായപ്പെടുന്ന ശഅബി ഇപ്രകാരം പ്രസ്താവിച്ചതായി ഇബ്നു ഹാതിം, ഇബ്നു ജരീർ തുടങ്ങിയവർ ഉദ്ധരിച്ചിരിക്കുന്നു: ഇസ്‌ലാം സ്വീകരിച്ച് മക്കയിൽ കഴിഞ്ഞിരുന്ന കുറേ ആളുകളെക്കുറിച്ചാണ് ഈ സൂക്തങ്ങൾ അവതരിച്ചത്. മദീനയിലെ പ്രവാചക ശിഷ്യന്മാർ അവർക്ക് ഇപ്രകാരം എഴുതി അയച്ചു: 'ഹിജ്റ(ദേശത്യാഗം) ചെയ്യാതെ നിങ്ങളുടെ ഈമാൻ സ്വീകാര്യമാവുകയില്ല.' ഇതേത്തുടർന്ന് ഈയാളുകൾ മദീനയിലേക്ക് പുറപ്പെട്ടു. മുശ്‌രിക്കുകൾ അവരെ പിന്തുടർന്ന് തിരിച്ചു കൊണ്ടുപോയി. അപ്പോഴാണ് ഈ സൂക്തങ്ങൾ അവതരിച്ചത്. അതിനെത്തുടർന്ന് മദീനയിലെ മുസ്‌ലിംകൾ ഈ സൂക്തങ്ങൾ ഉദ്ധരിച്ചുകൊണ്ട് നിങ്ങളെക്കുറിച്ച് ഇപ്രകാരം, ദൈവ വചനം അവതരിച്ചിരിക്കുന്നു എന്ന് അവർക്ക് വീണ്ടും എഴുതി. എഴുത്തു ലഭിച്ച മക്കാ മുസ്‌ലിംകൾ തീരുമാനിച്ചു: നമുക്ക് പലായനം ചെയ്യാം. നമ്മെ പിന്തുടരുന്നുവെങ്കിൽ പിന്തുടരുന്നവരെ പൊരുതി ജയിക്കാം. അങ്ങനെ അവർ പലായനം ചെയ്തു. ശത്രുക്കൾ അവരെ പിന്തുടർന്നു. ഇരുകൂട്ടരും സംഘട്ടനത്തിലേർപ്പെട്ടു. പലായകരിൽ ചിലർ കൊല്ലപ്പെട്ടു. ചിലർ രക്ഷപ്പെടുകയും ചെയ്തു. ഇതെക്കുറിച്ചാണ്

ثُمَّ إِنَّ رَبَّكَ لِلَّذِينَ هَاجَرُوا مِن بَعْدِ مَا فُتِنُوا ثُمَّ جَاهَدُوا وَصَبَرُوا إِنَّ رَبَّكَ مِن بَعْدِهَا لَغَفُورٌ رَّحِيمٌ

(സത്യവിശ്വാസത്തിന്റെ പേരിൽ മർദിതരായപ്പോൾ ദേശത്യാഗം ചെയ്യുകയും വിശ്വാസത്തിന്റെ മാർഗത്തിൽ സമരം ചെയ്യുകയും സ്ഥൈര്യമവലംബിക്കുകയും ചെയ്തവരുണ്ടല്ലോ, അതിനെല്ലാം ശേഷം നിന്റെ നാഥൻ അവരോട് ഏറെ പൊറുക്കുന്നവനും ദയാമയനുമാകുന്നു -16:110) എന്ന സൂക്തം അവതരിച്ചത്.

*അൽ അൻകബൂത്തി*ലെ ആദ്യ സൂക്തങ്ങൾ നിവേദനം പരാമർശിക്കുന്ന മക്കാ മുസ്‌ലിംകളുടെ സംഭവവുമായി നന്നായി യോജിക്കുന്നുവെന്നതിൽ തർക്കമില്ല. ആ യോജിപ്പ് പരിഗണിച്ച് പ്രസ്തുത സംഭവത്തെ ഈ സൂക്തങ്ങളുടെ അവതരണ കാരണമായി ചിലർ പരിഗണിച്ചതാവാം. എന്നാൽ സൂക്തം മക്കയിൽ അവതരിച്ചതാണെന്നതിന് ഈ നിവേദനത്തിൽ തന്നെ അനിഷേധ്യമായ തെളിവുണ്ട്. സൂറ *അന്നഹ്‌ലി*ൽനിന്ന് ഉദ്ധരിക്കപ്പെട്ട സൂക്തമാണത്. *അന്നഹ്‌ൽ* മക്കയിലവതരിച്ച സൂറയാണെന്ന് പണ്ഡിതന്മാർ പൊതുവിൽ അംഗീകരിച്ചിട്ടുള്ളതാണ്. മദീനാ ഹിജ്റക്ക് ശേഷം നടന്ന സംഭവത്തെക്കുറിച്ച് ഹിജ്റക്ക് വളരെ മുമ്പ് മക്കയിൽ ഒരു സൂക്തം അവതരിക്കുകയില്ലല്ലോ. ■